"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - അടക്കാപുത്തൂർ ശബരി പി.റ്റി.ബി. സ്മാരക ഹൈ സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.ബിന്ദു ആർ ഉം മറ്റുള്ളവരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21963/2021 ലെ 12.10.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2332/2022/GEDN തീയതി,തിരുവനന്തപുരം, 08-04-2022

പരാമർശം:-

1. അടക്കാപുത്തൂർ ശബരി പി.റ്റി.ബി. സ്മാരക ഹൈ സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.ബിന്ദു ആർ ഉം മറ്റുള്ളവരുടെയും 25.09.2021 ലെ റിവിഷൻ ഹർജികൾ (എക്സിബിറ്റ് പി6-പി11)
2. ശ്രീമതി.ബിന്ദു ആർ ഉം മറ്റുള്ളവരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21963/2021 ലെ 12.10.2021 ലെ വിധിന്യായം
3. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15.01.2022 ലെ ബി5/10375/2021 നമ്പർ കത്ത്
4. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ 15.01.2022 ന് സമർപ്പിച്ച കത്ത്

ഉത്തരവ്

അടക്കാപുത്തൂർ ശബരി പി.റ്റി.ബി. സ്മാരക ഹൈ സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.ബിന്ദു ആർ ഉം മറ്റുള്ളവരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21963/2021 ലെ 12.10.2021 ലെ വിധിന്യായത്തിലെ ഹർജിക്കാർ സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി6-പി1 1 റിവിഷൻ ഹർജികൾ ഹർ ജിക്കാരെയും 5-ാം എതിർ കക്ഷിയെയും കേട്ട് തീർപ്പാക്കുന്നതിന് പൊതു വിദ്യാഭ്യാ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 17.1.2022ന് കേട്ടു. ഹർജിക്കാരുടെ വാദം ചുവടെ ചേർക്കുന്നു.

"എ) പെറ്റീഷണർമാരുടെ സർവ്വീസ് സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	തസ്തിക	നിയമന തീയതി	അംഗീകാരം ലഭിച്ച തീയതി
1	ബിന്ദു. ആർ	എച്ച്.എസ്.ടി	01/06/2009	01/06/2011

		(സോഷ്യൽ സയൻസ്)		
2	ദീപ്തി.കെ	എച്ച്.എസ്.ടി (ഇംഗ്ലീഷ്)	01/06/2009	01/06/2011
3	ബീന.വി.കെ	എച്ച്.എസ്.ടി (മലയാളം)	01/06/2009	01/06/2010
4	വിദ്യ.പി	എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)	06/06/2007	01/06/2010
5	രത്നകുമാരി.എ	എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)	01/06/2010	01/06/2011
6	ഉഷ.എം	എച്ച്.എസ്.ടി (മലയാളം)	02/08/2010	01/08/2013

ബി) ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായത്തിൽ ഹർജിക്കാർ സമർപ്പിച്ച പുന:പരിശോധന ഹർജികൾ തീർപ്പാക്കണമെന്നതാണ് കോടതി നിർദ്ദേശം.

ഒന്നാമത്തെ ഹർജിക്കാരി ബിന്ദു.ആർ 01/06/2009 മുതൽ അധിക തസ്തികയിൽ നിയമിതയാവുകയും നിയമനം 01/06/2011 മുതൽ അംഗീകരിക്കുകയും ചെയ്തു. രണ്ടാമത്തെ ഹർജിക്കാരി ദീപ്തി.കെ 01/06/2009 മുതൽ അധിക തസ്തികയിൽ നിയമിതയാവുകയും നിയമനം 01/06/2011 മുതൽ അംഗീകരിക്കുകയും ചെയ്തു. മൂന്നാമത്തെ ഹർജിക്കാരി ബീന.വി.കെ 01/06/2009 മുതൽ അധിക തസ്തികയിൽ നിയമിതയായി. പിന്നീട് പി.രാമകൃഷ്ണൻ എന്ന അധ്യാപകന്റെ രാജിവെച്ച ഒഴിവിൽ 01/06/2010 മുതൽ നിയമിതയാവുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തു. 01/06/2009 മുതൽ 31/05/2010 വരെ അംഗീകാരം ലഭിക്കുവാനാണ് ഹർജി. നാലാമത്തെ ഹർജിക്കാരി വിദ്യ.പി 06/06/2007 ന് അധിക തസ്തികയിൽ നിയമിതയാവുകയും നിയമനം നിരസിക്കുകയും ചെയ്തു. പിന്നീട് കാർത്ത്യായനികുട്ടി എന്ന അധ്യാപികയുടെ വിരമിക്കൽ തസ്തികയിൽ 01/06/2010 മുതൽ നിയമിക്കപ്പെടുകയും നിയമനം അംഗീകരിക്കപ്പെടുകയും ചെയ്തു.

06/06/2007 മുതൽ 31/05/2010 വരെ അംഗീകാരം ലഭിക്കണമെന്നതാണ് റിവിഷൻ ഹർജിക്കാരിയുടെ ആവശ്യം. അഞ്ചാമത്തെ ഹർജിക്കാരി രത്നകുമാരി 01/06/2010 മുതൽ അധിക തസ്തികയിൽ നിയമിതയാവുകയും നിയമനം 01/06/2011 മുതൽ അംഗീകരിക്കുകയും ചെയ്തു. മുൻ സർവ്വീസ് 01/06/2010 മുതൽ 31/05/2011 വരെ അംഗീകാരം ലഭ്യമാകേണ്ടതുണ്ട്. ആറാമത്തെ ഹർജിക്കാരി ഉഷ.എം. 02/08/2010 മുതൽ അധിക തസ്തികയിൽ നിയമിതയാവുകയും നിയമനം 01/08/2013 മുതൽ അംഗീകരിക്കുകയും ചെയ്തു. മുൻ സർവ്വീസ് 02/08/2010 മുതൽ 31/07/2013 വരെ അംഗീകാരം ലഭ്യമാകേണ്ടതുണ്ട്.

സി) മേൽ സൂചിപ്പിച്ചവരുടെ നിയമനാംഗീകാരം അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നൽ കിയെങ്കിലും 2006-2007 മുതൽ 2009-2010 വരെയുള്ള കാലയളവിനിടയ്ക്ക് ജി.ഒ.(പി) 10/10 തിയതി. 12/01/2010 പ്രകാരം ബോണ്ട് മാനേജർ നൽകാത്തത് മൂലമാണ് അംഗീകാരം ലഭ്യമാകാതിരുന്നത്. മാനേജർമാർ ജി.ഒ.(പി) 10/10 പ്രകാരം ബോണ്ട് നൽകിയില്ലെങ്കിലും ബോണ്ട് നൽകിയതായി പരിഗണിച്ച് അംഗീകാരം നൽകേണ്ടതാണെന്ന വിവിധ കോടതി വിധികൾ നിലവിലുണ്ട്. ഹർജിക്കാരുടെ കേസിലും ജി.ഒ.(പി) 10/10 സുപ്രീം കോടതിയിൽ നിലവിലുണ്ടെന്ന കാരണത്താൽ നിയമനാംഗീകാരം നിഷേധിക്കരുതെന്ന് സ്പഷ്ടീകരിച്ചിട്ടുണ്ട്. മാനേജർ ബോണ്ട് നൽകിയതായി പരിഗണിച്ച് (deeming provision) ഹർജിക്കാരുടെ നിയമനം നിയമന തിയതി മുതൽ അംഗീകാരം ലഭ്യമാക്കാൻ ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു."

2) വിദ്യാഭ്യാസ ഉപ ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ വാദം ചുവടെ ചേർക്കുന്നു.

"എ) പാലക്കാട് ജില്ലയിലെ അടക്കാപുത്തൂർ ശബരി PTSB ഹൈസ്കൂളിൽ 2006-07 മുതൽ 2010-11 വരെയുള്ള അധിക തസ്തികയിലെ നിയമനങ്ങൾ ജി.ഒ (പി) നം.317/2005 തിയ്യതി 17/08/2005 പ്രകാരം നിയമന നിരോധനം നിലനിന്നിരുന്നതിനാൽ അംഗീകരിക്കുകയുണ്ടായില്ല.

തുടർന്ന് സർക്കാർ ജി.ഒ (പി) നം.10/2010 തിയ്യതി 12/01/2010 പ്രകാരം മാനേജർമാർ ബോണ്ട് സമർപ്പിക്കുന്ന മുറക്ക് പ്രസ്തുത നിയമനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കാവുന്നതാണ് എന്ന് ഉത്തരവായിരുന്നു. ശബരി PTSB ഹൈസ്കൂൾ മാനേജർ ജി.ഒ (പി) നം.10/2010 തിയ്യതി 12/01/2010 പ്രകാരം ബോണ്ട് സമർപ്പിച്ചിരുന്നില്ല. ആയതിനാലാണ് 2010-11 വരെയുള്ള താഴെ പറയുന്ന അധ്യാപകരുടെ നിയമനങ്ങൾ നിയമന തിയ്യതി മുതൽ അംഗീകരിക്കാതിരുന്നത്.

ബിന്ദു.R HST (Social Science)

ശബരി PTSB ഹൈസ്കൂൾ മാനേജർ 01/06/2009 മുതൽ ബിന്ദു ആർ നെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) അധിക തസ്തികയിൽ നിയമിച്ചു. മാനേജർ ജി.ഒ(പി) നം.10/2010 തിയ്യതി 12/01/2010 പ്രകാരം ബോണ്ട് സമർപ്പിച്ചിരുന്നില്ല. ആയതിനാലാണ് ടി അദ്ധ്യാപികയുടെ 01/06/2009 മുതലുള്ള നിയമനം അംഗീകരിക്കാതിരുന്നത്. തുടർന്ന് ഉത്തരവ് നം.എച്ച്2/35920/11/ഡിപി.ഐ തിയ്യതി 12/12/2011 പ്രകാരം അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം 01/06/2011 മുതൽ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/12/2011 ലെ ഉത്തരവ് നം. ഡിഡിസ്/ബി6/10845/2011 പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്.

ദീപ്തി കെ എച്ച്.എസ്.ടി (ഇംഗ്ലീഷ്)

ശബരി PTSB ഹൈസ്കൂൾ മാനേജർ 01/06/2009 മുതൽ ദീപ്തി കെ യെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) അധിക തസ്തികയിൽ നിയമിച്ചു. മാനേജർ ജി.ഒ(പി) നം.10/2010 തിയ്യതി 12/01/2010 പ്രകാരം ബോണ്ട് സമർപ്പിച്ചിരുന്നില്ല. ആയതിനാലാണ് ടി അദ്ധ്യാപികയുടെ 01/06/2009 മുതലുള്ള നിയമനം അംഗീകരിക്കാതിരുന്നത്. തുടർന്ന് ഉത്തരവ് നം.എച്ച്2/35920/11/ഡിപിഐ തിയ്യതി 12/12/2011 പ്രകാരം അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം 01/06/2011 മുതൽ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06/07/2012 ലെ ഉത്തരവ് നം. ഡിഡിസ്/ബി6/10844/2011 പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്.

ബീന കെ എച്ച്.എസ്.ടി (മലയാളം)

ശബരി PTSB ഹൈസ്കൂൾ മാനേജർ 01/06/2009 മുതൽ ശ്രീമതി. ബീന വി.കെ യെ എച്ച്.എസ്.ടി (മലയാളം) അധിക തസ്തികയിൽ നിയമിച്ചു. മാനേജർ ജി.ഒ(പി) നം.10/2010 തിയ്യതി 12/01/2010 പ്രകാരം ബോണ്ട് സമർപ്പിച്ചിരുന്നില്ല. ആയതിനാലാണ് ടി അദ്ധ്യാപികയുടെ 01/06/2009 മുതലുള്ള നിയമനം അംഗീകരിക്കാതിരുന്നത്. തുടർ ന്ന് 01/06/2010 മുതൽ ശ്രീ.പി.രാമകൃഷ്ണൻ എച്ച്.എസ്.ടി (മലയാളം) രാജി വച്ച ഒഴിവിൽ എച്ച്.എസ്.ടി (മലയാളം) ആയി നിയമിതയായി. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നം. ഡിഡിസ്/ബി6/4721/10 തിയ്യതി 29/01/2011 പ്രകാരം പ്രസ്തുത നിയമനം അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്.

വിദ്യ.പി എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)

ശബരി PTSB ഹൈസ്കൂൾ മാനേജർ 01/06/2007 മുതൽ ശ്രീമതി. വിദ്യ.പി യെ എച്ച്.എസ്.ടി

(ഫിസിക്കൽ സയൻസ്) അധിക തസ്തികയിൽ നിയമിച്ചു. മാനേജർ ജി.ഒ(പി) നം.10/2010 തിയ്യതി 12/01/2010 പ്രകാരം ബോണ്ട് സമർപ്പിച്ചിരുന്നില്ല. ആയതിനാലാണ് ടി അദ്ധ്യാപികയുടെ 06/06/2007 മുതലുള്ള നിയമനം അംഗീകരിക്കാതിരുന്നത്. തുടർ ന്ന് 01/06/2010 മുതൽ ശ്രീമതി. കാർത്യായനികുട്ടി.പി എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) 31/03/2010 ന് വിരമിച്ച ഒഴിവിൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) ആയി നിയമിതയായി. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നം. ഡിഡിസ്/ബി6/4716/10 തിയ്യതി 29/01/2011 പ്രകാരം പ്രസ്തുത നിയമനം അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്.

രത്നകുമാരി എ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)

ശബരി PTSB ഹൈസ്കൂൾ മാനേജർ 01/06/2010 മുതൽ രത്നകുമാരി എ യെ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) അധിക തസ്തികയിൽ നിയമിച്ചു. മാനേജർ ജി.ഒ(പി) നം.10/2010 തിയ്യതി 12/01/2010 പ്രകാരം ബോണ്ട് സമർപ്പിച്ചിരുന്നില്ല. ആയതിനാലാണ് ടി അദ്ധ്യാപികയുടെ 01/06/2010 മുതലുള്ള നിയമനം അംഗീകരിക്കാതിരുന്നത്. തുടർന്ന് ഉത്തരവ് നം. എച്ച്2/35920/11/ഡിപിഐ തിയ്യതി 12/12/2011 പ്രകാരം അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം 01/06/2011 മുതൽ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06/01/2012 ലെ ഉത്തരവ് നം. ഡിഡിസ്/ബി6/10843/2011 പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്.

ഉഷ എം. എച്ച്.എസ്.ടി (മലയാളം)

ശബരി PTSB ഹൈസ്കൂൾ മാനേജർ 02/08/2010 മുതൽ ശ്രീമതി. ഉഷ എം.നെ എച്ച്.എസ്.ടി (മലയാളം) അധിക തസ്തികയിൽ നിയമിച്ചു. മാനേജർ ജി.ഒ(പി) നം.10/2010 തിയ്യതി 12/01/2010 പ്രകാരം ബോണ്ട് സമർപ്പിച്ചിരുന്നില്ല. ആയതിനാലാണ് ടി അദ്ധ്യാപികയുടെ 02/08/2010 മുതലുള്ള നിയമനം അംഗീകരിക്കാതിരുന്നത്. തുടർന്ന് 01/06/2011 മുതൽ എച്ച്.എസ്.ടി (മലയാളം) അധിക തസ്തികയിൽ നിയമിതയായി. നിലനിക്കാൻ ആവശ്യമായ തസ്തിക ഇല്ലാത്തതിനാൽ ടി നിയമനം നിരസിച്ചു. തുടർ ന്ന് 01/08/2013 ന് ശ്രീ. വേണുഗോപാലൻ കെ.ആർ ന് പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി. ഉഷ.എം എച്ച്.എസ്.ടി (മലയാളം) നിയമിക്കപ്പെട്ടു. പ്രസ്തുത നിയമനം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12/04/2016 ലെ ഉത്തരവ് നം. കെഡിസ്/ബി3/327/16 പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്."

3) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി അറിയിച്ചപ്രകാരവും വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ടുകൾ പ്രകാരവും ഹർജിക്കാരിൽ ആദ്യത്തെ 4 പേരുടെ നിയമനം ജി.ഒ(പി) നം.10/2010 തിയ്യതി 12/01/2010 പ്രകാരം ഉള്ള കാലയളവിൽ ഉൾപ്പെട്ടുവരുന്നു. മറ്റു രണ്ടുപേരുടേത് 2010-11 കാലയളവിലേതാണ്. ബഹുഃ ഹൈക്കൊടതി വിധിയിൽ ഹർജിക്കാരുടെ നിയമനം മാനേജർ ബോണ്ട് സമർപ്പിച്ചിട്ടുള്ളതായി കണക്കിലെടുത്ത് അംഗീകരിക്കുന്ന കാര്യം മനസ്സിൽ കണ്ടുവേണം തീരുമാനമെടുക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല, ഇപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ് ബഹുഃ സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകളിലുണ്ടാകാനിരിക്കുന്ന അന്തിമ വിധിയ്ക്ക് വിധേയമായിരിക്കുമെന്നും ബഹുഃ ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹർജിക്കാരുടെ നിയമനങ്ങൾ മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ലെന്ന കാരണത്താൽ മാത്രമാണ് നിരസിക്കപ്പെട്ടിരുന്നതെങ്കിൽ മാനേജർ ബോണ്ട് സമർപ്പിച്ചിട്ടുള്ളതായി കണക്കിലെടുത്ത് കൊണ്ട്, അവർക്ക് നിലനിൽക്കാനുള്ള വ്യവസ്ഥാപിത ഒഴിവുണ്ട് എന്ന് വിദ്യാഭ്യാസ ഓഫീസർ ഉറപ്പു വരുത്തിയ ശേഷം, പ്രസ്തുത ബഹുഃ സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകളിലുണ്ടാകാനിരിക്കുന്ന അന്തിമ വിധിയ്ക്ക് വിധേയമായി, നിയമനത്തീയതി മുതൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി എക്സിബിറ്റ്.പി.6 മുതൽ പി.11 വരെയുള്ള റിവിഷൻ ഹർജികൾ തീർപ്പാക്കി അപ്രകാരം അടക്കാപുത്തൂർ ശബരി പി.റ്റി.ബി. സ്മാരക ഹൈ സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.ബിന്ദു ആർ ഉം മറ്റുള്ളവരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21963/2021 ലെ 12.10.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, ശബരി ഹയർ സെക്കണ്ടറി സ്കൂൾ ആന്റ്
ശബരി പി.റ്റി.ബി സ്മാരക ഹൈ സ്കൂൾ, അടയ്ക്കാപുത്തൂർ, പാലക്കാട്
ശ്രീമതി.ബിന്ദു ആർ, എച്ച്.എസ്.എ(എസ്.എസ്), ശബരി പി.റ്റി.ബി സ്മാരക ഹൈ സ്കൂൾ, അടയ്ക്കാപുത്തൂർ, പാലക്കാട്
ശ്രീമതി.ദീപ്തി കെ, എച്ച്.എസ്.എ(ഇംഗ്ലീഷ്), ശബരി പി.റ്റി.ബി സ്മാരക ഹൈ സ്കൂൾ, അടയ്ക്കാപുത്തൂർ, പാലക്കാട്

സ.ഉ.(സാധാ) നം.2332/2022/GEDN

ശ്രീമതി.ബീന വി.കെ., എച്ച്.എസ്.എ(മലയാളം), ശബരി പി.റ്റി.ബി സ്മാരക ഹൈ സ്കൂൾ, അടയ്ക്കാപുത്തൂർ, പാലക്കാട്

ശ്രീമതി.വിദ്യ പി, എച്ച്.എസ്.എ(ഫിസിക്കൽ സയൻസ്), ശബരി പി.റ്റി.ബി സ്മാരക ഹൈ സ്കൂൾ, അടയ്ക്കാപുത്തൂർ, പാലക്കാട്

ശ്രീമതി.രത്നകുമാരി എ., എച്ച്.എസ്.എ(ഫിസിക്കൽ സയൻസ്), ശബരി പി.റ്റി.ബി സ്മാരക ഹൈ സ്കൂൾ, അടയ്ക്കാപുത്തൂർ, പാലക്കാട്

ശ്രീമതി.ഉഷ എം., എച്ച്.എസ്.എ(മലയാളം), ശബരി പി.റ്റി.ബി സ്മാരക ഹൈ സ്കൂൾ, അടയ്ക്കാപുത്തൂർ, പാലക്കാട്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L

Date: 08-04-2022 16:11:21

സെക്ഷൻ ഓഫീസർ